പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3718      20.6.2019 ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് ഘട്ടം ഘട്ടമായി എയിഡഡ് പദവി

ചോദ്യം      മറുപടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ      കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ബുദ്ധിവൈകല്യം ബാധിച്ച കുട്ടികളുടെ പഠന പരിശീലന പുനരധിവാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ഘട്ടം ഘട്ടമായി എയിഡഡ് പദവി നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; | (എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക്, 09.02.2016 ലെ സ.ഉ.(എം.എസ്) .നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് 27.11.2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുവാൻ തീരുമാനിച്ചു. |
| (ബി) പ്രസ്തുത സ്കൂളുകൾക്ക് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് നിർത്തലാക്കിയപ്പോൾ ഈ സ്കൂളുകൾക്കായി സമഗ്ര പാക്കേജ് നടപ്പിലാക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;<br>(സി) പ്രസ്തുത സമഗ്ര പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് സാമൂഹ്യനീതിവകുപ്പ് തലത്തിൽ തയാറാക്കുകയും ടി പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പാക്കേജിൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധനവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.6.2019 |

| | |
|---|---|
| | ന് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മീറ്റിംഗിനു ശേഷം ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ